II ഇ.ബി. XI-കേരള നിയമസഭ/V12

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2003 ഫെബ്രുവരി 25, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

80 (*327) മിനിമം ഇൻവോൾവ്മെന്റ് വ്യവസ്ഥ

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം.വി.രാഘവൻ) നൽകിയ മറുപടിയിൽ, സഹകരണ ബാങ്കുകളിലെ നിക്ഷേപത്തെ അടിസ്ഥാനമാക്കി ജില്ലാ സഹകരണ ബാങ്കുകൾക്ക് 40 ശതമാനവും സംസ്ഥാന സഹകരണ ബാങ്കിന് 25 ശതമാനവും മിനിമം ഇൻവോൾവ്മെന്റ് നിരക്കാണ് നബാർഡ് നിശ്ചയിച്ചിരിക്കുന്നതെന്ന് സഭയെ അറിയിച്ചു. ഗവൺമെന്റ് ട്രഷറിയിൽ പണം നിക്ഷേപിച്ചതിന്റെ ഫലമായി 1997-98 മുതൽ 10 ജില്ലാ സഹകരണ ബാങ്കുകൾക്ക് നബാർഡ് റീഫൈനാൻസ് നൽകിയിട്ടില്ല. ട്രഷറി നിക്ഷേപമില്ലാത്ത കണ്ണൂർ, കാസർകോട്, വയനാട്, ആലപ്പുഴ എന്നീ നാല് ജില്ലാ സഹകരണ ബാങ്കുകൾക്ക് 2001-2002 വർഷത്തിൽ 18.42 കോടി രൂപ നബാർഡ് നൽകിയിട്ടുണ്ട്. കാർഷിക കടാശ്വാസ പദ്ധതിയനുസരിച്ചും

വൺടൈം സെറ്റിൽമെന്റ് പദ്ധതി അനുസരിച്ചും കാർഷിക വായ്പാ പലിശ ഇളവ് അനുവദിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകളെ പ്രതികൂലമായി ബാധിച്ചിട്ടുള്ള നടപടികൾ നബാർഡിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. നബാർഡിന്റെ വ്യവസ്ഥകൾ മാറ്റിക്കിട്ടുന്നതിന് ഗവൺമെന്റ് പല നിവേദനങ്ങളും നടത്തിയിട്ടുണ്ട്. കേരളത്തിലുള്ള റീജിയണൽ റൂറൽ ബാങ്കുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മിനിമം ഇൻവോൾവ്മെന്റ് നിരക്കുകൾ സഹകരണ ബാങ്കുകളിലും നടപ്പിൽ വരുത്തണമെന്ന് നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക വായ്പാ പലിശ എഴുതിത്തള്ളുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ഉന്നയിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം കാർഷിക വായ്പയുടെ പലിശ നിരക്ക് 12.75 ശതമാനത്തിൽനിന്ന് 10.50 ശതമാനമായി കുറച്ചിട്ടുണ്ട്. കാർഷിക വായ്പാ തുക കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഒരു ശതമാനം പലിശ ഇളവ് നൽകാനും ഫ്ളോട്ടിംഗ് റേറ്റിൽ തുക അടയ്ക്കാൻ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. നബാർഡിൽനിന്നു നാണ്യവിളകൾക്ക് ദീർഘകാല വായ്പ ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നതാണ്. ഭാരതീയ റിസർവ് ബാങ്കിന്റെ വിദേശ വിനിമയ നിയന്ത്രണ വകുപ്പിൽനിന്നും എൻ.ആർ.ഐ. നിക്ഷേപത്തിന് ലൈസൻസ് ലഭിച്ച സഹകരണ ബാങ്കുകൾ എൻ.ആർ.ഐ. നിക്ഷേപങ്ങൾ സ്വീകരിക്കുന്നുണ്ട്. N.R.E.A.(NonResident External Account), N.R.O.A. (NonResident Ordinary Account), O.N.R.A.(Ordinary NonResident Account) എന്നീ പേരുകളിലാണ് സഹകരണ ബാങ്കുകൾ ഇത് സ്വീകരിക്കുന്നത്. അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും സഹകരണ സ്ഥാപനത്തിന്

എൻ.ആർ.ഐ അക്കൗണ്ട് അനുവദിക്കാതെയുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്. ഗഹാൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ബിൽ പാസ്സാകുന്നതോടുകൂടി കാർഷിക വായ്പയ്ക്കുള്ള രജിസ്ട്രേഷൻ ഫീസും ഒഴിവാകുന്നതാണ്. 50,000 രൂപ വരെയുള്ള നിക്ഷേപങ്ങളെ ആദായനികുതിയിൽ നിന്ന് ഒഴിവാക്കാൻ പരമാവധി ശ്രമിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

81 (*328) മെട്രോ റെയിൽ പദ്ധതി

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ്കുമാർ) നൽകിയ മറുപടിയിൽ, തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ സമഗ്ര ഗതാഗതപരിഷ്കരണത്തിനുള്ള സാദ്ധ്യതാപഠനം നടത്തിയിരുന്നുവെന്ന് സഭയെ അറിയിച്ചു. തിരുവനന്തപുരത്തിനുവേണ്ടി ''സെസ്'' നടത്തിയ സാദ്ധ്യതാ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ആയിട്ടില്ല. ''റൈറ്റ്സ്'' കൊച്ചിയിൽ നടത്തിയ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മെട്രോ റെയിൽ പദ്ധതി ഉൾപ്പെടെയുള്ള ഗതാഗത പരിഷ്കരണ പദ്ധതികൾ ഈ പഠനങ്ങളിൽ വിഷയമാക്കിയിട്ടുണ്ട്.. സാദ്ധ്യതാ പഠനത്തിൽ ഒന്നാം ഘട്ടമായി ഉൾക്കൊള്ളിച്ചിട്ടുള്ള കൊച്ചി നഗരത്തിൽ കളമശ്ശേരി മുതൽ എം.ജി. റോഡ് വഴി തൃപ്പൂണിത്തുറ വരെയുള്ള 23 കിലോമീറ്റർ ദൂരത്തിന് 1999-ലെ വില നിലവാരമനുസരിച്ച് 1625 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിനായി കൂടുതൽ ലാൻഡ് അക്വിസിഷൻ ആവശ്യമായി വരുമെന്നുള്ളതുകൊണ്ട് സ്കൈ ബസ് മെട്രോ പദ്ധതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണ്. സ്കൈ ബസ് പദ്ധതി വളരെ വേഗത്തിൽ

നടപ്പിലാക്കാൻ പരിശ്രമം നടത്തുന്നുണ്ട്. അതിന് വേണ്ടി നിക്ഷേപകർ മുമ്പോട്ടു വന്നിട്ടുണ്ട്. സ്വകാര്യ നിക്ഷേപം പൂർണ്ണമായും ലഭ്യമാകുമോ എന്നതിനെപ്പറ്റി പഠിച്ചുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്ത് മെട്രോ ബസ് സർവീസ് പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര അർബൻ ഡവലപ്മെന്റ് വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ട്. ഗതാഗത പരിഷ്കരണത്തിനായി ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

82 (*329) <u>പ്ലാന്റേഷൻ ലേബർ കമ്മിറ്റി</u>

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) നൽകിയ മറുപടിയിൽ, തോട്ടം മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണുന്നതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തിരുവനന്തപുരം ലേബർ കമ്മീഷണർ ചെയർമാനും ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ, കോട്ടയം കൺവീനറുമായ ഈ കമ്മിറ്റിയിൽ തൊഴിലുടമ പ്രതിനിധികൾ, തൊഴിലാളി യൂണിയൻ പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. ഈ കമ്മിറ്റി ഇടയ്ക്കിടെ യോഗം വിളിച്ചു കൂട്ടാറുണ്ട്. നാലു പ്രാവശ്യം തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ് യോഗം ചേർന്നത്. 20-12-2002-ൽ ചേർന്ന യോഗത്തിലൊഴികെ മറ്റെല്ലാ യോഗങ്ങളിലും തോട്ടം ഉടമാ പ്രതിനിധികൾ സംബന്ധിച്ചിട്ടുണ്ട്. തോട്ടം മേഖലയിലെ വേതന നിരക്കുകൾ സംബന്ധിച്ച് 6-3-2000-ൽ ഒപ്പുവയ്ക്കപ്പെട്ട ദീർഘകാല കരാറിന്റെ കാലാവധി 31-3-2002-ൽ അവസാനിച്ചിരുന്നു. 1-4-2002 മുതൽ ഈ കരാർ തങ്ങൾക്ക്

ബാധകമല്ലെന്നും അതിലെ വ്യവസ്ഥകൾ റദ്ദുചെയ്യണമെന്നും വേതനം വെട്ടിക്കുറയ്ക്കണമെന്നുമാവശ്യപ്പെട്ടുകൊണ്ട് തോട്ടം ഉടമകൾ നോട്ടീസ് നൽകിയിരുന്നു. 1–4–2002 മുതൽ വേതന നിരക്കുകൾ പരിഷ്കരിക്കുകയും ക്ഷാമബത്ത പുതുക്കുകയും ചെയ്യേണ്ടിയിരുന്നുവെങ്കിലും അവ വെട്ടിക്കുറയ്ക്കുവാനുള്ള നോട്ടീസുകളുടെ പശ്ചാത്തലത്തിലാണ് പ്ലാന്റേഷൻ ലേബർ കമ്മിറ്റി ആദ്യമായി യോഗം ചേർന്നത്. തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സുദീർഘമായ ചർച്ചകൾ നടത്തിയശേഷം ഈ രണ്ടു നോട്ടീസുകളും തൊഴിലുടമകളെക്കൊണ്ട് പിൻവലിപ്പിക്കുവാൻ കമ്മിറ്റിക്ക് കഴിഞ്ഞു. ഇതിനു പകരമായി പ്രതിദിനം 2 കിലോ വീതം കൊളുന്ത് കൂടുതൽ വിളവെടുക്കാമെന്ന് തൊഴിലാളി പ്രതിനിധികൾ സമ്മതിക്കുകയുണ്ടായി. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുടെ നടുവിലും 31–3–2002–ൽ നിലവിലിരുന്ന വേതന നിരക്കുകൾ കുറയ്ക്കാതെ നിലനിർത്തുവാൻ സാദ്ധ്യമായി. പിന്നീട് തോട്ടം മേഖലയിൽ സംജാതമായ നിരവധി പ്രശ്നങ്ങൾ യഥാസമയം ചർച്ച ചെയ്യുവാനും സൗഹാർദ്ദപരമായ രീതിയിൽ ഒത്തുതീർപ്പിലെത്തിക്കുവാനും കമ്മിറ്റിക്ക് സാധിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയുമോ എന്നതിനെപ്പറ്റിയും തോട്ടങ്ങളിലെ ഗുരുതരമായ പ്രതിസന്ധിയെപ്പറ്റിയും പ്രശ്നങ്ങളെപ്പറ്റിയും കമ്മിറ്റി ചർച്ച ചെയ്തുവരികയാണ്. പ്ലാന്റേഷൻ മേഖലയിൽ പഞ്ചായത്തുമായി യോജിച്ച് സ്ത്രീകൾക്കുള്ള കൈത്തൊഴിൽ, ആട് വളർത്തൽ, കോഴി വളർത്തൽ പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വളരെ വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച തോട്ടം മേഖലയിലെ ലയങ്ങൾ പരിപാലിക്കേണ്ടത് പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് തോട്ടം

ഉടമകളാണ്. ഇവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. തോട്ടം മേഖലയിൽ സൗജന്യ റേഷൻ അനുവദിക്കുന്നതിനും ചികിൽസാ സഹായം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. തോട്ടം മേഖലയിൽ വൈദ്യുതി പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. ഈ മേഖലയിലെ സ്കൂളുകളിൽ ഉച്ചഭക്ഷണം അനുവദിക്കണമെന്ന നിർദ്ദേശം പരിഗണിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

83 (*330) <u>റെയിൽവേ യാത്രാ സൗകര്യങ്ങൾ</u>

ഗതാഗത വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, തിരുവനന്തപുരം–എറണാകുളം റൂട്ടിലും എറണാകുളം–കോഴിക്കോട് റൂട്ടിലും അടുത്ത കാലത്ത് ജനശതാബ്ദി എക്സ്പ്രസ്സുകൾ ആരംഭിച്ചിട്ടുണ്ടെന്നും എറണാകുളം–കോട്ടയംപാസഞ്ചർ കായംകുളം വരെയും ആലപ്പുഴ–കായംകുളം പാസഞ്ചർ എറണാകുളം വരെയും നീട്ടിയിട്ടുണ്ടെന്നും അറിയിച്ചു. തിരുവനന്തപുരം മുതൽ കായംകുളം വരെയുള്ള ലൈൻ ഇരട്ടിപ്പിക്കൽ പൂർത്തിയായിട്ടുണ്ട്. എറണാകുളം മുതൽ മുളംതുരുത്തി വരെയുള്ള ലൈൻ ഇരട്ടിപ്പിക്കൽ പണികൾ ത്വരിതഗതിയിലാണ്. എറണാകുളം–തിരുവനന്തപുരം പാത ആലപ്പുഴ വഴിയും കോട്ടയം വഴിയും വൈദ്യുതീകരിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. അങ്കമാലി–ശബരിമല, കോട്ടയം– എരുമേലി,

താനൂർ–കുറ്റിപ്പുറം എന്നീ പുതിയ പാതകൾക്കുള്ള അനുമതിയായിട്ടുണ്ട്. കോഴിക്കോട്–മംഗലാപുരം 165.21 കിലോമീറ്റർ പാത ഇരട്ടിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലെ യാത്രാസൗകര്യവും വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അപകടകരമായ റെയിൽവേ പാലങ്ങൾ പുതുക്കിപ്പണിയുന്നതിനും എറണാകുളം – കായംകുളം (കോട്ടയം വഴിയും ആലപ്പുഴ വഴിയും) പാത ഇരട്ടിപ്പിക്കുന്നത് ത്വരിതപ്പെടുത്തുന്നതിനും ജോധ്പൂർ കന്യാകുമാരി പുതിയ ട്രെയിൻ അനുവദിക്കുന്നതിനും നിലമ്പൂർ നിന്നും നഞ്ചങ്കോട്ടേയ്ക്ക് ഒരു പുതിയ റെയിൽവേപ്പാതയും നെടുമ്പാശ്ശേരിയിൽ ഒരു പുതിയ റെയിൽവേ സ്റ്റേഷനും അനുവദിക്കുന്നതിനും റെയിൽവേ മന്ത്രാലയത്തിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന് മാത്രമായി ഒരു റെയിൽവേ സോൺ ആരംഭിക്കണമെന്ന് ഉടൻ തന്നെ ആവശ്യപ്പെടുന്നതാണ്.

84 (*343) <u>ഐ.റ്റി. പാർക്കുകളും സോഫ്റ്റ്‌വെയർ കയറ്റുമതിയും</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, തിരുവനന്തപുരം ജില്ലയിൽ കാര്യവട്ടത്ത് ഐ.റ്റി. അധിഷ്ഠിത വ്യവസായങ്ങൾക്ക്അടിസ്ഥാന സൗകര്യം നൽകുന്നതിന് പര്യാപ്തമായ ഒരു ടെക്നോപാർക്കും കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോണിൽ ഐ.റ്റി. വ്യവസായ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്നറിയിച്ചു. കിൻഫ്രയുടെ കീഴിൽ കൊച്ചിയിൽ കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ കയറ്റുമതി അധിഷ്ഠിത ഐ.റ്റി. വ്യവസായ യൂണിറ്റുകൾ

സ്ഥാപിക്കുന്നതിന് ഒരു ഐ.റ്റി. ബിൽഡിംഗുള്ളതിനു പുറമേ മലപ്പുറം ജില്ലയിൽ കാക്കഞ്ചേരിയിൽ കേന്ദ്രഗവൺമെന്റിന്റെ ഐ.ഐ.ഡി.സി.സ്കീമിൽ ഐ.റ്റി. ആന്റ് ഇലക്ട്രോണിക്സ് അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് ഒരു ഐ.റ്റി. ബിൽഡിംഗ് പൂർത്തിയായി വരുന്നു. എസ്.റ്റി.പി.ഐ. യുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സോഫ്റ്റവെയർ യൂണിറ്റുകളിൽ നിന്ന് 1999–2000–ൽ 67 കോടി രൂപയും 2000–2001–ൽ 112 കോടി രൂപയും 2001–2002–ൽ 147 കോടി രൂപയും കയറ്റുമതി വരുമാനമുണ്ടായിട്ടുണ്ട്. സോഫ്റ്റവെയർ എക്സ്പോർട്ട് ബിസിനസ് തുടങ്ങീനുദ്ദേശിക്കുന്ന ചെറുകിട/ഇടത്തരം കമ്പനികൾക്ക് വേണ്ട സാങ്കേതിക സൗകര്യങ്ങളും സഹായങ്ങളും എസ്.റ്റി.പി.ഐ.–ൽ ചെയ്തു കൊടുക്കുന്നുണ്ട്. അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഡാറ്റാ കണക് ടിവിറ്റി, ബിസിനസ് ഇൻകുബേറ്റർ, സോഫ്റ്റവെയർ കോമ്പീറ്റൻസി സെന്റർ, വിവിധ ബാങ്കുകളുടെ എ.റ്റി.എം. സൗകര്യങ്ങൾ, സോഷ്യൽ ആക്ടിവിറ്റീസ്, യൂണിവേഴ്സിറ്റി–ഇൻഡസ്ട്രി യോജിച്ചുള്ള പ്രവർത്തനങ്ങൾ, ഏറ്റവും മികച്ച ഉദദ്യോഗാർത്ഥികളെ കണ്ടെത്താനുള്ള ടാലന്റ് ട്രാക്ക് പ്രോഗ്രാമുകൾ എന്നിവയാണ് സോഫ്റ്റവെയർ കയറ്റുമതി വർദ്ധിപ്പിക്കാൻ തിരുവനന്തപുരം ടെക്നോപാർക്ക് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ. ഐ.റ്റി. നയമനുസരിച്ച് ഐ.റ്റി. വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് പ്രത്യേക ഇൻസെന്റീവും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ യൂണിറ്റുകൾക്ക് High speed data communication services കൊടുക്കുന്നതിനായി കാര്യവട്ടത്തുള്ള ടെക്നോപാർക്ക് കാമ്പസിൽ ഒരു Satellite Earth Station പ്രവർത്തിക്കുന്നുണ്ട്. താരതമ്യേന ചെലവു

കുറഞ്ഞ Fibre Bandwidth യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനും എസ്.റ്റി.പി.ഐ. ശ്രമിക്കുന്നുണ്ട്. എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ സോഫ്റ്റ്‌വെയർ കയറ്റുമതി അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് ഒരു പുതിയ ടെക്നോപാർക്ക് സ്ഥാപിക്കാനും കിൻഫ്ര തീരുമാനിച്ചിട്ടുണ്ട്.

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

99 (1904, 1905, 1906) കയറ്റുമതി വികസനത്തിനുള്ള നിർദ്ദേശങ്ങൾ

കയറ്റുമതി വികസനത്തിനായി കേരള സ്റ്റേറ്റ് എക്സ്പോർട്ട് ട്രേഡ് ഡവലപ്മെന്റ് കൗൺസിലും (കേരക്സിൽ) കയറ്റുമതിക്ക് ആവശ്യമായ സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അസിസ്റ്റൻസ് റ്റു സ്റ്റേറ്റ്സ് ഫോർ ഡെവലപ്പിംഗ് എക്സ്പോർട്ട് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് അലൈഡ് ആക്ടിവിറ്റീസ് (എ.എസ്.ഐ.ഡി.ഇ.) പദ്ധതിയിൽപ്പെടുത്തി ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായി സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റിയും (എസ്.എൽ.ഇ.പി.സി) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള കയറ്റുമതി വർദ്ധിപ്പിക്കുക, ഇൻഡ്യയുടെ വിദേശ വ്യാപാര നയം പഠിച്ച് തദനുസൃതമായി കയറ്റുമതി വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾക്കു രൂപം നൽകുക, ഉൽപന്നങ്ങൾക്കു പുതിയ വിപണി കണ്ടെത്തുക എന്നിവയാണ് കേരക്സിലിന്റെ പ്രധാന ലക്ഷ്യങ്ങൾ. പദ്ധതിയുടെ കീഴിൽ കയറ്റുമതി വികസനത്തിനുള്ള അടിസ്ഥാന വികസനത്തിന് കേരളത്തിലെ നോഡൽ ഏജൻസിയായ കിൻഫ്ര ബന്ധപ്പെട്ടവരിൽ നിന്നു പ്രോജക്ട് റിപ്പോർട്ടുകൾ സ്വീകരിച്ച് വിലയിരുത്തിയതിനുശേഷം സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട്

പ്രൊമോഷൻ കമ്മിറ്റിക്ക് സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റി നോഡൽ ഏജൻസിയുടെ ശുപാർശകൾ പരിശോധിച്ചശേഷം ധനസഹായം നൽകുന്നതിന് അനുമതി നൽകുകയും ചെയ്യുന്നു. എ.എസ്.ഐ.ഡി.ഇ. പദ്ധതിപ്രകാരം കേന്ദ്രഗവൺമെന്റിൽ നിന്നും 2002-2003-ൽ ആദ്യ ഗഡുവായി ലഭിച്ച 550 ലക്ഷം രൂപയിൽ 400 ലക്ഷം രൂപ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റിക്കും 100 ലക്ഷം രൂപ സീ ഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷനും 50 ലക്ഷം രൂപ കിൻഫ്രയ്ക്കുമായി വിതരണം ചെയ്തിട്ടുണ്ട്.

100 (1945, 1948) <u>കേന്ദ്ര സഹായം ലഭിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ</u>

ദേശീയ സാമൂഹ്യക് സഹായ പദ്ധതിയിൻ കീഴിൽ ദേശീയ വാർദ്ധക്യകാല പെൻഷൻ, ദേശീയ കുടുംബ ക്ഷേമപദ്ധതി, സംയോജിത ശിശുവികസന സേവന പദ്ധതി, ബാലികാ സമൃദ്ധി യോജന, ബാലനീതി സ്ഥാപനങ്ങളുടെ നടത്തിപ്പ്, പ്രധാനമന്ത്രിയുടെ ഗ്രാമോദയ യോജന, സംയോജിത വനിതാവികസന പദ്ധതി എന്നിവയാണ് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള കേന്ദ്ര സഹായ പദ്ധതികൾ. സാമൂഹ്യ ക്ഷേമ വകുപ്പ് 2002-2003-ൽ (2003 ജനുവരി 31 വരെ) വിവിധ പദ്ധതികൾക്കായി 69,75,14,159 രൂപ ചെലവഴിച്ചിട്ടുണ്ട്.

101 (1950) <u>ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന അംഗൻവാടികൾ</u>

സംസ്ഥാനത്ത് ലോക ബാങ്കിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന 80 ഐ.സി.ഡി.എസ്. ബ്ലോക്കുകളിലായി 11917 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 1600 അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിനും 800 അംഗൻവാടികൾക്ക് കുടിവെള്ളത്തിനുമുള്ള ധനസഹായം, ഫർണിച്ചർ/ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രീസ്ക്കൂൾ കിറ്റുകൾ, മെഡിസിൻ കിറ്റ്/ബോക്സ്, വേയിംഗ് മെഷീൻ, ഐ.എഫ്.എ.ടാബ്ലറ്റ് എന്നിവയ്ക്കുള്ള ധനസഹായം, കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ വ്യക്തിത്വ വികസനത്തിനും സ്വയം പര്യാപ്തതയ്ക്കുമുള്ള വിവിധ പരിപാടികൾ, വിവരസാങ്കേതിക വിദ്യയുടെ വികസനം, വിവര സാങ്കേതിക വിദ്യാഭ്യാസ വിനിമയ പരിപാടികൾ, സ്ത്രീ ശാക്തീകരണ പദ്ധതികൾ എന്നിവയ്ക്കാണ് ലോക ബാങ്ക് സഹായം ലഭിക്കുന്നത്. 2004-ൽ അവസാനിക്കുന്ന ഈ പദ്ധതികൾക്ക് അഞ്ചു വർഷത്തിനുള്ളിൽ 152.45 കോടി രൂപയാണ് ലഭിക്കുന്നത്.

102 ( 1966) <u>വഖഫ് ബോർഡിന്റെ കീഴിലുള്ള വഖഫുകൾ</u>

31-12-2002 വരെ വഖഫ് ബോർഡിന്റെ കീഴിൽ പുതുതായി 367 വഖഫുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

103 (1972) <u>തൊഴിൽരഹിത വേതനം വാങ്ങുന്നവർ</u>

സംസ്ഥാനത്ത് 359,495 പേർ തൊഴിൽ രഹിത വേതനം വാങ്ങുന്നുണ്ട്.

104 (1977) <u>കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കുള്ള ഭൂ ഉടമകളുടെ വിഹിതം</u>

നടപ്പു വർഷത്തിൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കുള്ള ഭൂ ഉടമകളുടെ വിഹിതമായി 55,44,506 രൂപ

പിരിച്ചെടുത്തിട്ടുണ്ട്. ധനസഹായത്തിന് അപേക്ഷിച്ച 112,582 തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽനിന്നും സഹായം നൽകാനുണ്ട്.

105 (1981) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത പ്രൊഫഷണൽ ഡിഗ്രിക്കാർ

സംസ്ഥാനത്ത് മെഡിസിൻ, എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ, വെറ്ററിനറി സയൻസ് എന്നീ പ്രൊഫഷണൽ ഡിഗ്രിയുള്ള 14603 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

106 (1993) ലേലം ചെയ്ത ബസ്സുകൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലപ്പഴക്കം ചെന്ന 247 ബസ്സുകൾ ലേലം ചെയ്തതുവഴി 97.00 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി.–ക്ക് ലഭിച്ചിട്ടുണ്ട്.

107 (2014) മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടറൈസേഷൻ പദ്ധതി

മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമായ സോഫ്റ്റ്വെയർ നാഷണൽ ഇൻഫർമാറ്റിക്സും (NIC) മോട്ടോർ വാഹന വകുപ്പും ചേർന്നു വികസിപ്പിച്ചെടുത്തിട്ടുണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും കമ്പ്യൂട്ടർവൽക്കൃത ലേണേഴ്സ് ലൈസൻസിംഗ് സിസ്റ്റം എർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ആർ.ടി.ഓഫീസ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ബാക്ക്ലോഗ് ഡാറ്റാ എൻട്രികൾ എല്ലാ ജില്ലയിലും പുരോഗമിച്ചുവരുന്നു.

കമ്പ്യൂട്ടർവൽക്കരണം മറ്റു ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി പുരോഗമിച്ചുവരുന്നു. മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളും

ചെക്കുപോസ്റ്റുകളും കമ്പ്യൂട്ടറൈസ് ചെയ്ത് ഈ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിന് ഫാസ്റ്റ് (Fully Automated Service of Transport Department) എന്ന പൊതുജന സേവന പദ്ധതി ഒരു വർഷംകൊണ്ട് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

. . . . . . . . . . . . .